പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3387 29/01/2014- ൽ മറുപടിക്ക്

മൃഗാശുപത്രിക്കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഫണ്ട്.

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ ബി. സത്യൻ: | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) സ്വന്തമായി മൃഗാശുപത്രി കെട്ടിടമില്ലാത്ത പഞ്ചായത്തുകളിൽ കെട്ടിടനിർമ്മാണത്തിനു ഫണ്ട് അനുവദിക്കുമോ ; ഇതു സംബന്ധിച്ച വിശദ വിവരം ലഭ്യമാക്കുമോ; | (എ) സ്വന്തമായി മൃഗാശുപത്രി കെട്ടിടമില്ലാത്ത പഞ്ചായത്തുകളിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ശുപാർശ പൊതുമരാമത്ത് വകുപ്പിൽ നിന്നുള്ള എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് നിലവിലുള്ള ബഡ്ജറ്റ് വിഹിതം അനുസരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള അനുമതി 4403-101-99(P) മൃഗചികിത്സ സേവനവും മൃഗാരോഗ്യവും, 4403-101-96(P) റൂറൽ ഇൻഫ്രാസ്ട്രക്ചർ വികസന ഫണ്ട് എന്നീ ശീർഷകങ്ങളിൽ നിന്നും നൽകി വരുന്നു. |
| (ബി) ഐ.സി.ഡി.പി സബ് - സെൻററുകൾ പുതിയതായി അനുവദിക്കാൻ സ്വീകരിക്കുന്ന മാനദണ്ഡം വിശദമാക്കുമോ? | (ബി) പുതിയതായി ഐ.സി.ഡി.പി സബ് സെൻററുകൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്ന പ്രദേശം ധാരാളം കാലിസമ്പത്തുള്ളതും , 2 കി.മി ചുറ്റളവിനുള്ളിൽ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള വെറ്ററിനറി ഹോസ്പിറ്റൽ/ഡിസ്പെൻസറി, ഐ.സി.ഡി.പി സബ് സെന്റർ എന്നിവ ഉണ്ടാകുവാൻ പാടില്ലാത്തതുമാണ്. കൂടാതെ സബ് സെൻററുകൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്ന പ്രദേശത്ത് വാടകരഹിത കെട്ടിടത്തിന്റെ ലഭ്യതയും ഉണ്ടായിരിക്കണം. |

സെക്ഷൻ ഓഫീസർ